LIBRARY ARCHIVES Kerala Legislative Assembly

തടസ്സമായി നിൽക്കുന്നത്, ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലലഭ്യതയാണ്. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 5 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, ഇടുക്കി, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിവരുന്നു. പത്തനംതിട്ട, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ചാർജ്ജിംഗ് മെഷിനുകൾ എത്തിച്ചേർന്നിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിച്ചാലുടൻ പണി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. NH, MC Road, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 50 കിലോമീറ്ററിലും ഓരോ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ട പദ്ധതിക്കായി സ്വകാര്യ സംരംഭങ്ങളിൽനിന്നും സോളാർ പവേർഡ് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഉണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) പാലക്കാട് - കോഴിക്കോട് ദേശീയപാതയിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ

പാലക്കാട് - കോഴിക്കോട് ദേശീയപാതയിലെ നിർദ്ദിഷ്ട ചാർജ്ജിംഗ് സ്റ്റേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർമ്മാണം പൂർത്തിയായവ- 1. നല്ലളം.

സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നവ -

1. കരിപ്പൂർ എയർപോട്ട് 2. രാമനാട്ടുകര സബ്സ്റ്റേഷൻ 3. ഗാന്ധിറോഡ് സബ്സ്റ്റേഷൻ 4. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് 5. ബീച്ച് ഹോസ്പിറ്റൽ, കോഴിക്കോട്.

ടെണ്ടർ നടപടി പുരോഗമിക്കുന്നവ-

1. 110 കെ.വി. സബ്സ്റ്റേഷൻ, പെരിന്തൽമണ്ണ

2. 110 കെ.വി. സബ്സ്റ്റേഷൻ, മലപ്പുറം

3. 33 കെ.വി. സബ്സ്റ്റേഷൻ, വള്ളുവമ്പ്രം.

മങ്കട മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

164(434) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

66 കെ.വി. മങ്കട സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയും മലാപ്പറമ്പ - മേലാറ്റൂർ ലൈനിൽനിന്നും എലച്ചോല മുതൽ മങ്കട വരെ 110 കെ.വി. ലൈൻ നിർമ്മിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം മലപ്പുറം - മങ്കട 66 കെ.വി. ലൈൻ 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തിയും പരിഗണനയിലുണ്ട്. ടി പ്രവൃത്തികളിൽ മങ്കട സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തി അവിടെ 10 MVA ശേഷിയുള്ള ഒരു 110/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും എലച്ചോല മുതൽ മങ്കട വരെയുള്ള ലൈനിന്റെ നിർമ്മാണവും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കി. മങ്കട സബ്സ്റ്റേഷനിൽ 12.5 MVA ശേഷിയുള്ള രണ്ടാമത്തെ 110/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കും. ഇതിനായുള്ള ട്രാൻസ്ഫോർമറിന് ഇതിനകം ഓർഡർ നൽകിക്കഴിഞ്ഞു. മലപ്പുറം മുതൽ മങ്കട വരെയുള്ള 66 കെ.വി. ലൈൻ 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. മങ്കട നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന ' ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 30.69 കി.മീ. എച്ച്.ടി. ലൈനും 29.9 കി.മീ എൽ.ടി ലൈനും നിർമ്മിക്കുന്ന പ്രവൃത്തികളും 6 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 64.1 കി.മീ. ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികളും 245 കി.മീ. ലൈൻ റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികളും 3 ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്ന പ്രവൃത്തിയും ഉൾപ്പെടെ ആകെ 547 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ് "പദ്ധതി, 'കെ-ഫോൺ' പദ്ധതി എന്നിവയും മങ്കട നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു.

(ബി) മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കണമെന്ന് വൈദ്യുതി വകുപ്പ് വിലയിരുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്ന 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 2023 വരെയുള്ള 1065.24 ലക്ഷം രൂപയുടെ വിവിധ വോൾട്ടേജ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതികൾ ആസൂത്രണം ചെയ്യുകയും അവ നടപ്പിലാക്കിവരുകയും ചെയ്യുന്നു. മറ്റ് ദീർഘകാല പ്രവൃത്തികളുടെ രൂപരേഖ തയ്യാറായിവരുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി വകുപ്പ് മുഖേന മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി' പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികളിൽ ഉൾപ്പെടുത്തി 54.784 കി.മീ. എച്ച്.ടി. ലൈനും 65.54 കി.മീ. എൽ.ടി ലൈനും നിർമ്മിക്കുകയും 61 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 70.65 കി.മീ. ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുകയും 219 കി.മീ. ലൈൻ റീ- കണ്ടക്ടറിംഗ് നടത്തുകയും 34 ട്രാൻസ്ഫോർമറുകളുടെ ശേഷികൂട്ടുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്കായി 143.6 ലക്ഷം രൂപ ചെലവഴിക്കുകയും ഇതിൽ 30 ലക്ഷം രൂപ MLA-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കുകയും 1615 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

വൈദ്യുതോല്പാദനത്തിലെ വർദ്ധനവ്

165(435) ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 വരെയുള്ള കാലഘട്ടത്തിൽ വൈദ്യുതോല്പാദനത്തിൽ എത്ര വളർച്ച കൈവരിക്കാൻ സാധിച്ചെന്ന് വിശദമാക്കാമോ;